**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1111** **14-03-2022 - ൽ മറുപടിയ്ക്ക്**

**കെട്ടിടങ്ങൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിലുള്ള കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് കെട്ടിടങ്ങൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിൽ സോയിൽ ടെസ്റ്റ്, ഡിസൈൻ തുടങ്ങിയ കാര്യങ്ങളിൽ ഉണ്ടാകുന്ന വലിയ കാലതാമസം വികസന പ്രവർത്തനങ്ങളെ മന്ദഗതിയിലാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് കെട്ടിട വിഭാഗം നിർമ്മാണം നടത്തുന്ന കെട്ടിടങ്ങളുടെ ഡിസൈൻ പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചറൽ വിഭാഗവും, സ്ട്രക്ചറൽ ഡിസൈൻ പൊതുമരാമത്ത് ഡിസൈൻ വിഭാഗവും ഡിസൈനു വേണ്ടിയുള്ള സോയിൽ ടെസ്റ്റ് ഡിസൈൻ വിഭാഗത്തിന്റെ കീഴിലുള്ള റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ലാബും, കെട്ടിട വിഭാഗവമാണ് നടപ്പിലാക്കുന്നത്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നടപ്പിലാക്കുന്ന സോയിൽ ടെസ്റ്റ് പ്രവൃത്തിയുടെ ഭരണാനുമതി ലഭിച്ചതിനുശേഷം മാത്രമാണ് നടപ്പിലാക്കാൻ സാധിച്ചിരുന്നത്. മുപ്പതു ലക്ഷം രൂപ മൂന്നു ഹെഡുകളിലായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി അനുവദിച്ചിട്ടുള്ളതുമൂലം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി പ്രവൃത്തി ചെയ്യാൻ സാധിക്കുന്നു. തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ RIQCL മുഖേന സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി വരുന്നു. കൂടാതെ തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ മുഖേനയും ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ളതിനാൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ വേഗത്തിലാക്കാൻ സാധിക്കുന്നതാണ്. ഡിസൈൻ വിഭാഗത്തിനു കീഴിൽ കെട്ടിടങ്ങൾ ഡിസൈൻ ചെയ്യുന്നതിനാവശ്യമായ ആർക്കിടെക്ചറൽ ഡ്രോയിങ്ങ്, മണ്ണ് പര്യവേഷണ റിപ്പോർട്ട്, പാലങ്ങൾ ഡിസൈൻ ചെയ്യുന്നതിനാവശ്യമായ വിശദമായ സർവ്വേ റിപ്പോർട്ട്, മണ്ണ് പര്യവേഷണ റിപ്പോർട്ട് എന്നിവ ലഭ്യമായ പ്രവൃത്തികൾ, അവയുടെ ഡിസൈൻ പൂർത്തീകരിച്ച്, ഡ്രോയിംഗുകൾ തയ്യാറാക്കി, പരിശോധിച്ച്, അംഗീകരിച്ച് നിർമാണ ചുമതലയുള്ള കാര്യാലയങ്ങളിലേക്ക് നൽകാനുള്ള ഏറ്റവും കുറഞ്ഞ സമയം മാത്രമേ എടുക്കാറുള്ളൂ. |

| | | | |
|---|---|---|---|
| | | | മിക്കവാറും പ്രവൃത്തികൾ ഡിസൈൻ ചെയ്യുന്നതിനാവശ്യമായ വിശദാംശങ്ങൾ ഇല്ലാതെയാണ് ഡിസൈൻ തയ്യാറാക്കുന്നതിനായി സമർപ്പിക്കുന്നത്. കൂടാതെ നിർമ്മാണ ചുമതലയുള്ള കാര്യാലയങ്ങളിൽ നിന്നും കെട്ടിടങ്ങളുടെയും പാലങ്ങളുടെയും നിരവധി പ്രവൃത്തികൾ ഒരേ സമയം ഡിസൈനു വേണ്ടി സമർപ്പിക്കുമ്പോൾ പ്രവൃത്തികളുടെ പ്രധാന്യമനുസരിച്ച് മുൻഗണന ക്രമാടിസ്ഥാനത്തിൽ ഡിസൈൻ തയ്യാറാക്കേണ്ടതായി വരുന്നു. ഇതും ചില പ്രവൃത്തികളുടെ ഡിസൈൻ കാലതാമസത്തിനു കാരണമാകുന്നു. ചിലപ്പോൾ നിർമ്മാണ സ്ഥലങ്ങളിൽ ഫൗണ്ടേഷനു വേണ്ടി കുഴിയെടുക്കുമ്പോൾ മണ്ണിന്റെ ഘടന നേരത്തെ തയ്യാറാക്കിയ മണ്ണ് പരിശോധനാ ഫലത്തിൽ നിന്നും വ്യത്യസ്തമാകാറുണ്ട്. ഈ അവസരത്തിൽ പ്രവൃത്തികൾ പുനർഡിസൈൻ ചെയ്യേണ്ടതായി വരാറുണ്ട്. അതാത് വകുപ്പുകളിൽ നിന്നും അവരുടെ ആവശ്യാനുസരണം കെട്ടിടങ്ങളുടെ രൂപരേഖയിൽ ഡിസൈൻ പൂർത്തീകരിച്ചതിനു ശേഷവും മാറ്റങ്ങൾ വരുത്താറുണ്ട്. ഇത്തരം കാര്യങ്ങളാലും ഡിസൈനിൽ കാലതാമസം നേരിടാറുണ്ട്. ഇത്തരം കാലതാമസം ഒഴിവാക്കാനായി കൃത്യമായ ആർക്കിടെക്ചറൽ ഡ്രോയിംങ്ങ്, മണ്ണ് പര്യവേഷണ റിപ്പോർട്ട് എന്നിവ ഡിസൈൻ തയ്യാറാക്കുന്നതിനായി ആദ്യമേ തന്നെ സമർപ്പിക്കാൻ നിഷ്കർഷിക്കുന്നുണ്ട്. |
| (ബി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ സോയിൽ ടെസ്റ്റ്, ഡിസൈൻ തുടങ്ങിയവ ലഭ്യമാകാത്തതിനാൽ പ്രവർത്തനം തുടങ്ങാൻ സാധിക്കാത്ത എത്ര പ്രവൃത്തികൾ ഉണ്ടെന്ന് വേർതിരിച്ച് വിശദമാക്കുമോ; പ്രസ്തുത ഫയലുകൾ നിലവിൽ എത് ഉദ്യോഗസ്ഥന്റെ പരിഗണനയിലും കൈവശത്തിലുമാണുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) | കെ.ആർ.എഫ്.ബി (പി.എം.യു)വിഭാഗത്തിനു കീഴിൽ ഡിസൈൻ ലഭ്യമാകേണ്ട പ്രവൃത്തി കുറുന്തോട്ടിൽ പാലം ആണ്. ആയത് പുരോഗമിച്ചു വരുന്നു. കെട്ടിട വിഭാഗത്തിനു കീഴിൽ കൂത്തുപറമ്പ് മിനി സിവിൽ സ്റ്റേഷൻ, ഫയർ സ്റ്റേഷൻ എന്നിവയുടെ ഡിസൈൻ കോഴിക്കോട് റീജിയണൽ ഡിസൈൻ ഓഫീസിന്റെ പരിഗണനയിലാണ്. 5 ലക്ഷം രൂപ വരെയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അംഗീകൃത സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെയും സെൽഫ് ഫിനാൻസിംഗ് കോളേജുകളെയും എംപാനൽ ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ സുഗമമാക്കാൻ സഹായിക്കും. |
| (സി) | പ്രസ്തുത നടപടികൾക്ക് വേഗം കൂട്ടി വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; | (സി) | കെ.ആർ.എഫ്.ബി (പി.എം.യു)വിഭാഗത്തിനു കീഴിൽ ഡിസൈൻ ലഭ്യമാകേണ്ട പ്രവൃത്തി കുറുന്തോട്ടിൽ പാലം ആണ്. ആയത് പുരോഗമിച്ചു വരുന്നു. കെട്ടിട വിഭാഗത്തിനു കീഴിൽ കൂത്തുപറമ്പ് |

| | | | |
|---|---|---|---|
| | | | മിനി സിവിൽ സ്റ്റേഷൻ, ഫയർ സ്റ്റേഷൻ എന്നിവയുടെ ഡിസൈൻ കോഴിക്കോട് റീജിയണൽ ഡിസൈൻ ഓഫീസിന്റെ പരിഗണനയിലാണ്. 5 ലക്ഷം രൂപ വരെയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അംഗീകൃത സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെയും സെൽഫ് ഫിനാൻസിംഗ് കോളേജുകളെയും എംപാനൽ ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ സുഗമമാക്കാൻ സഹായിക്കും. |
| (ഡി) | തീർപ്പാകാതെ കിടക്കുന്ന ഇത്തരം പ്രവൃത്തികൾക്ക് മികച്ച അംഗീകൃത ആർക്കിടെക്റ്റുകളുടെയും മറ്റ് വിദഗ്ദ്ധരുടേയും സേവനം താൽക്കാലിക അടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തി പ്രവൃത്തികൾക്ക് വേഗം കൂട്ടുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ഡി) | കെ.ആർ.എഫ്.ബി (പി.എം.യു)വിഭാഗത്തിനു കീഴിൽ ഡിസൈൻ ലഭ്യമാകേണ്ട പ്രവൃത്തി കുറ്റ്യോട്ടിൽ പാലം ആണ്. ആയത് പുരോഗമിച്ചു വരുന്നു. കെട്ടിട വിഭാഗത്തിനു കീഴിൽ കുത്തുപറമ്പ് മിനി സിവിൽ സ്റ്റേഷൻ, ഫയർ സ്റ്റേഷൻ എന്നിവയുടെ ഡിസൈൻ കോഴിക്കോട് റീജിയണൽ ഡിസൈൻ ഓഫീസിന്റെ പരിഗണനയിലാണ്. 5 ലക്ഷം രൂപ വരെയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അംഗീകൃത സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെയും സെൽഫ് ഫിനാൻസിംഗ് കോളേജുകളെയും എംപാനൽ ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ സുഗമമാക്കാൻ സഹായിക്കും. |

സെക്ഷൻ ഓഫീസർ